Draft #3 of File 25952/AD A7-2/2020/ADMIN Approved by ASSISTANT REGISTRAR V (ADMIN) on 21-Oct-2020 11:13 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

'ബിസിനസ് ഇന്നൊവേഷൻ & ഇൻക്യൂബേഷൻ സെന്റർ' (BIIC) ന്റെ സ്റ്റാർട്ട് അപ്പ് സ്ഥാപനമായ CALABURA LABS നിർമ്മിച്ച ഹാൻഡ് വാഷ്/ഡിഷ് വാഷ് എന്നിവ സർവ്വകലാശാലയിൽ വിപണനം ചെയ്യുന്നത് സംബന്ധിച്ച് - സിൻഡിക്കേറ്റ് തീരുമാനം ഉത്തരവായി പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 7 സെക്ഷൻ**

നമ്പർ. 4843/AD A 7/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 21.10.2020

---

*പരാമർശം:*-1. ബഹു. വൈസ് ചാൻസലർ മുൻപാകെ 24.06.2020 ന BIIC യുടെ ഓണററി ഡയറക്ടർ സമർപ്പിച്ചിരുന്ന കത്ത്.

2. 13.10.2020 ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ 51/20.05/25952/Ad. A7/2/2020 മിനിറ്റ്സ് ഇനം നമ്പരായുള്ള തീരുമാനം.

**<u>ഉത്തരവ്</u>**

'ബിസിനസ് ഇന്നൊവേഷൻ & ഇൻക്യൂബേഷൻ സെന്റർ' (BIIC) യുടെ ആഭിമുഖ്യത്തിലും സാങ്കേതിക സാമ്പത്തിക സഹായത്തോടെയും വിവിധ സ്റ്റാർട്ട് അപ്പ് സ്ഥാപനങ്ങൾ ഇതിനോടകം രജിസ്റ്റർ ചെയ്യുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽപ്പെട്ട 'CALABURA LABS' എന്ന സ്റ്റാർട്ട് അപ്പ് സ്ഥാപനം 'SAPONS' എന്ന പേരിൽ ഹാൻഡ് വാഷും 'Sparklear' എന്ന പേരിൽ ഡിഷ് വാഷും നിർമ്മിച്ച് വിപണിയിൽ ഇറക്കിയിട്ടുണ്ട്. *'Product developed under BIIC, Mahatma Gandhi University'* എന്ന് ഇവയുടെ ലേബലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഉത്പന്നങ്ങൾ സർവകലാശാലയിൽ വിപണനം ചെയ്യുന്നതിനുള്ള അനുമതി ആവശ്യപ്പെട്ട് ഓണററി ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരുന്നു. സർവകലാശാലയുടെ നയപരമായ വിഷയമായതിനാൽ പ്രസ്തുത ആവശ്യം സിൻഡിക്കറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. വൈസ് ചാൻസിലർ ഉത്തരവായി.

തുടർന്ന്,സർവകലാശാല സിൻഡിക്കറ്റ് ,പരാമർശം (2) പ്രകാരം, BIIC ഓണററി ഡയറക്ടറുടെ അപേക്ഷ പരിഗണിച്ച് BIIC-യുടെ സ്റ്റാർട്ട് അപ്പ് സ്ഥാപനമായ CALABURA LABS-ന്റെ ഹാൻഡ് വാഷും ഡിഷ് വാഷും സർവകലാശാലയിൽ വിപണനം ചെയ്യാൻ താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നതിന് തീരുമാനിച്ചു.

Sales Tax അടക്കം വിപണനവും Product-മായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളും അനുസരിച്ച് മാത്രമേ വിപണനം നടത്താവൂ.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലേഖ ജെ

അസിസ്റ്റന്റ് രജിസ്ട്രാർ 5 (ഭരണ
വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡോ. ഇ. കെ. രാധാകൃഷ്ണൻ, ഓണററി ഡയറക്ടർ, BIIC
2. വൈസ് ചാൻസലറുടെ/പ്രൊ-വൈസ് ചാൻസലറുടെ പി. എസ്.
3. രജിസ്ട്രാറുടെ/ഫിനാൻസ് ഓഫീസറുടെ പി. എ.
4. ജോയിന്റ് ഡയറക്ടർ, കെ. എസ്. എ. ഡി. (എം. ജി. യു. ഓഡിറ്റ്)
5. ജോയിന്റ് രജിസ്ട്രാർ 3 (ഭരണം)/അസി. രജിസ്ട്രാർ 5 (ഭരണം)
6. എ സി സി1 (സിൻഡിക്കേറ്റ്)/ ഫിനാൻസ് 1/ഓഡിറ്റ് 1/ ഓഡിറ്റ് 5
7. റെക്കോർഡ്സ് / കണ്ടന്റ് മാനേജ്മെന്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 25952/AD A7-2/2020/ADMIN Approved by ASSISTANT REGISTRAR V (ADMIN) on 21-Oct-2020 11:13 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം